"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായി അരുവി മുറിച്ചുകടക്കവേ മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ ശ്രീ.നീരജ് ആർ ന് കൊല്ലം/ആലപ്പുഴ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/SWD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-
1. ശ്രീ.നീരജ് ആർ ന്റെ 15.12.2023 ലെ അപേക്ഷ.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.02.2024 ലെ ഡി.എസ്.ഡബ്ല്യു/2/2024-സി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അർദ്ധ സൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണപ്പെടുന്ന കേരളീയരായ സൈനികരുടെ ആശ്രിതർക്ക് 11.03.2020 ലെ സ.ഉ. (പി) 02/2020/സൈ.ക്ഷേ.വ. പ്രകാരം സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III/IV ലെ ഏറ്റവും താഴ്ന്ന ഗ്രേഡിലോ അഥവാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ, പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസിലോ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്

2.സി.ആർ.പി.എഫ് ൽ സേവനത്തിലിരിക്കെ 08.07.2022 ന് ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായിരിക്കുമ്പോൾ അരുവി മുറിച്ചുകടക്കവേ ഒഴുക്കിൽപ്പെട്ട ടീം കമ്മാൻഡറെ രക്ഷിക്കുമ്പോൾ മരണപ്പെട്ട കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ നീരജ് ആർ പ്രസ്തുത ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർ ശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരിശോധിച്ച് നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകന് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണെന്ന് പരാമർ ശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. സി.ആർ.പി.എഫ്.-ൽ സേവനത്തിലിരിക്കെ

08.07.2022 ന് ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായിരിക്കുമ്പോൾ അരുവി മുറിച്ചുകടക്കവേ ഒഴുക്കിൽപ്പെട്ട ടീം കമ്മാൻഡറെ രക്ഷിക്കുന്നതിനിടയിലാണ് സൂരജ് ആർ മരണപ്പെട്ടതെന്ന് സാക്ഷ്യപ്പെടുത്തി സി.ആർ.പി.എഫ്. ഡയറക്ടർ ജനറൽ Operational Casualiity Certificate പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 21.09.1997 ആണ്. ടിയാന്റെ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആണ്. അപേക്ഷകന് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണ്.

4. ഈ സാഹചര്യത്തിൽ സൈനികസേവനത്തിനിടെ 08.07.2022 ന് ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായിരിക്കുമ്പോൾ അരുവി മുറിച്ചുകടക്കവേ ഒഴുക്കിൽപ്പെട്ട ടീം കമ്മാൻഡറെ രക്ഷിക്കുമ്പോൾ മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ ശ്രീ.നീരജ് ആർ, കോഴിക്കോടെന്റയത്തു തെക്കേപ്പുര,ഇരവിച്ചറ ഈസ്റ്റ്, ശൂരനാട് സൗത്ത് പി.ഒ, കൊല്ലം-690 522 ന് 11.03.2020 ലെ സ.ഉ. (പി) 02/2020/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ:ിലെ വ്യവസ്ഥകൾ പ്രകാരം ടിയാൻ തൊഴിൽ സഹായനിയമനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കൊല്ലം/ആലപ്പുഴ ജില്ലയിൽ ഏതെങ്കിലും ഒരു ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5 കൊല്ലം/ആലപ്പുഴ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.നീരജ് ആർ, കോഴിക്കോടെന്റയത്തു തെക്കേപ്പുര,ഇരവിച്ചറ ഈസ്റ്റ്, ശൂരനാട് സൗത്ത് പി.ഒ, കൊല്ലം-690 522 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jenshar B
Date: 13-06-2024 11:37:42

സെക്ഷൻ ഓഫീസർ